**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5727** **24-03-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനകമ്മീഷന്റെ ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 വർഷം സംസ്ഥാനത്തിന് ലഭിക്കാനുള്ള ധനകമ്മീഷൻ ഗ്രാന്റ് അനുവദിക്കുന്നതിന് കേന്ദ്രസർക്കാർ മുന്നോട്ടുവച്ചിട്ടുള്ള പുതിയ ഉപാധികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇത്തരം ഉപാധികൾ സംസ്ഥാനത്തിന് ന്യായമായും ലഭിക്കേണ്ട അവകാശങ്ങൾ നിഷേധിക്കുന്നതിന് കാരണമാകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | 2015-16 മുതൽ 2019-20 സാമ്പത്തിക വർഷം വരെ കേന്ദ്രസർക്കാരിൽ നിന്ന് 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക, നിലവിൽ അനുവദിക്കാനുള്ള 15ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയുടെ 10%ൽ അധികരിക്കാത്ത പ്രാദേശിക സർക്കാരുകൾക്കു മാത്രമാണ് 15ാം ധനകാര്യ കമ്മീഷന്റെ 2024-25 സാമ്പത്തിക വർഷത്തെ ഗ്രാന്റിന് അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന് കേന്ദ്ര ധനകാര്യ മന്ത്രാലയം അറിയിച്ചിരുന്നു. ഈ ഉപാധി 15-ാം ധനകാര്യ കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഇല്ലാത്തതും പുതുതായി കേന്ദ്ര സർക്കാർ മുന്നോട്ടുവച്ചിട്ടുള്ള ഉപാധിയുമാണ്. പ്രസ്തുത ഉപാധിയെ തുടർന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ട 2024-25 വർഷത്തെ നഗരകാര്യ സ്ഥാപനങ്ങൾക്കുള്ള കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭ്യമായിട്ടില്ല. |
| (ബി) | ധനകമ്മീഷൻ ഗ്രാന്റ് ലഭ്യമാക്കുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | 2024-25 വർഷത്തെ പഞ്ചായത്തുകൾക്കുള്ള ഗ്രാന്റ് അനുവദിച്ചുവെങ്കിലും കോർപ്പറേഷനുകൾക്കും, നഗരസഭകൾക്കുമുള്ള ഗ്രാന്റ് കേന്ദ്ര ധനകാര്യ മന്ത്രാലയം അനുവദിച്ചിട്ടില്ല. പ്രസ്തുത വിഷയം കേന്ദ്ര നഗരകാര്യ വകുപ്പ് മന്ത്രിയെ നേരിൽകണ്ട് ബോധിപ്പിച്ചിട്ടുള്ളതും കേന്ദ്ര നഗരകാര്യ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ